# മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം :- നഗര-ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - ആലപ്പുഴ ജില്ല - മാവേലിക്കര- തെക്കേക്കര ഗ്രാമപഞ്ചായത്ത് - തെക്കേക്കര വില്ലേജ് - **പെട്രോൾ പമ്പ് നിർമ്മാണ**ത്തിന് ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. മാവേലിക്കര- തെക്കേക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09/12/2019/ ലെ A2-6613/2019 നമ്പർ കത്ത്.

2. ആലപ്പുഴ ജില്ലാ ടൗൺ പ്ലാനറുടെ 30/12/2019 ലെ TCPALP/1191/2019/C നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/60/2020-C3** തീയതി: **24/01/2020**

---

ആലപ്പുഴ ജില്ലയിലെ മാവേലിക്കര - തെക്കേക്കര ഗ്രാമപഞ്ചായത്ത്പരിധിയിലുള്ള തെക്കേക്കര വില്ലേജിൽ റീ സർവ്വേ നമ്പർ 89/1 ൽ ഉൾപ്പെട്ട ആകെ 2458 ച.മീ സ്ഥലത്തിൽ പമ്പിനായി നീക്കിവച്ചിട്ടുള്ള 905 ച.മീ സ്ഥലത്ത് സെയിൽസ് ബിൽഡിംഗ് (34.98 ച.മീ), കനോപ്പി (204 ച.മീ) ഉൾപ്പെടെ 238.98 ച.മീ വിസ്തീർണ്ണം വരുന്ന **പെട്രോൾ പമ്പ്** നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീ. പി.ആർ വിജയകുമാരൻ നായർ**, വീണ, ചുനക്കര നടുവിൽ, ചുനക്കര (പി.ഒ), മാവേലിക്കര യുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ - ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

### നിബന്ധനകൾ

1. അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം , നിർമ്മാണാവകാശം, സർവ്വെ നമ്പർ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഈ ഓഫീസിൽ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല .ആയതിനാൽ കെ.പി.ബി.ആർ 2011 ചട്ടം11 (1) പ്രകാരം ആയത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും, സ്ഥല പരിശോധന നടത്തിയും ശരിയാണെന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
2. 2008 ലെ കേരള നെൽവയൽ/ നീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ പ്രസ്തുത സ്ഥലം ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.

3. പ്രസ്തുത നിർമ്മാണം കെ.പി.ബി.ആർ 2011 ലെ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ : 13/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>**

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

ടൗൺ പ്ലാനറുടെ കാര്യാലയം
പിൻ-695 033
തിരുവനന്തപുരം

**ജയശ്രീ.പി.ആർ**
ടൗൺ പ്ലാനർ

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

**സെക്രട്ടറി,**
മാവേലിക്കര- തെക്കേക്കരഗ്രാമപഞ്ചായത്ത്, ആലപ്പുഴ

പകർപ്പ്:-

1. ശ്രീ.പി.ആർ. വിജയകുമാരൻ നായർ, വീണ, ചുനക്കര നടുവിൽ ചുനക്കര (പി.ഒ)
2. ടൗൺ പ്ലാനർ, ആലപ്പുഴ
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

Sk20012020